







# പിറന്നാൾ സന്ദേശം

## June 16th

## എൽസി കൊച്ചമ്മ – ഞങ്ങളുടെ സ്നേഹഭാജനം




മലയാളം വായനക്കാർക്ക് സുപരിചതയും അവരുടെ സ്നേഹബഹുമാനങ്ങൾക്ക് ഉടമയുമായ പ്രശസ്ത കവയിത്രി ശ്രീമതി എത്സി യോഹന്നാൻ ശങ്കരത്തിലിൻെറ ജന്മദിനമാണു ജൂൺ 16. അനുഗ്രഹങ്ങളുടേയും ആശംസകളുുടേയും സ്നേഹോപഹാരങ്ങളുമായി ഉറ്റവരും മിത്രങ്ങളും ഒത്ത് ചേരുന്ന ഈ സുദിനത്തിൽ അവർക്കായി അക്ഷരങ്ങളെകൊണ്ട് ഒരു പൊന്നാട നെയ്യുകയാണു ഞങ്ങൾ സുഹ്രുത്തുക്കൾ, അഭ്യുദയകാംക്ഷികൾ. കൊച്ചമ്മയുടെ ഈ ജന്മമാസത്തിൽ ന്യൂയോർക്ക് വിചാരവേദി അവരെ അനുമോദിക്കാനായി സംഘടിപ്പിച്ച സന്തോഷവേളയിലേക്ക് ഒരിക്കൽ ഞങ്ങളെ ക്ഷണിച്ചപ്പോൾ ഞങ്ങളുടെയെല്ലാം സ്നേഹഭാജനമായ കൊച്ചമ്മ എന്ന അനുഗ്രുഹീത കവയിത്രിയോടൊപ്പം ചിലവഴിക്കാൻ അന്ന് ലഭിച്ച അനർഘ നിമിഷങ്ങൾ ഇപ്പോഴും ഓർമ്മയിൽ ആഘോഷങ്ങളുടെ ആരവങ്ങളും, അലങ്കാരങ്ങളും പൊഴിച്ച്കൊണ്ട് സജീവമായി നിറഞ്ഞ് നിൽക്കുന്നു. നമുക്ക് പ്രിയപ്പെട്ടവരുടെ ജന്മദിനങ്ങൾ അനുഭൂതിദായകങ്ങളാണു. പ്രതിവർഷം കൊണ്ടാടുന്ന ഈ ദിവസത്തിൻെറ ഓർമ്മകളിലൂടെ വർഷങ്ങൾ അങ്ങനെ കൊഴിഞ്ഞ് വീഴുന്നു. കൊച്ചമ്മയുടെ ജനന തീയ്യതി പ്രകാരം നാട്ടിൽ അപ്പോൾ ആടിമാസ കാലമാണു. വർഷമേഘ സുന്ദരിമാർ പ്രതിദിനം ഭൂമി ദേവിയെ കുളിപ്പിച്ചൊരുക്കുന്ന നീരാട്ടു കാലം. ഓരോ ജനനവും ഒരു നക്ഷത്രവുമായി ബന്ധപ്പെട്ടു കിടക്കുന്നു എന്ന് മനുഷ്യർ വിശ്വസിക്കുന്നു. അങ്ങനെയെങ്കിൽ ആകാശത്ത് നിന്ന് ഭൂമിയിലേക്ക് സൂക്ഷിച്ച് നോക്കിയ ഒരു നക്ഷത്രം ഭൂമിയുടെ ഭംഗി കണ്ട് അവയെകുറിച്ച് പാടാൻ വേണ്ടി ഭൂമിയിൽ കൊച്ചമ്മയായി പിറന്നതാകാം. അമേരിക്കയിലെ ഒരു കവി അവരെ കാവ്യ നഭസ്സിലെ നക്ഷത്രം എന്ന് വിളിക്കുകയുണ്ടായി.. അതേ, അവർ കവിതകൾ എഴുതി കൊണ്ടിരുന്നു. ജീവിതം ചക്രം തിരിഞ്ഞപ്പോൾ പതിയായ്, അമ്മയായ് എന്നിട്ടും കവിത രചന തുടർന്ന്

കൊണ്ടേയിരിക്കുന്നു. ചിലരെ ഈശ്വരൻ ഭൂമിയിൽ ജനിപ്പിക്കുന്നത് ഒരുദ്ദേശ്യത്തോടെയാണു. അതിൻെറ സാക്ഷാത്കാരമാണു അവരുടെ ജീവിത ലക്ഷ്യം. ഉൽക്രുഷ്ടമായ ഒരു വ്യക്തിത്വത്തിൻെറ ഉടമയാണു ശ്രീമതി ശങ്കരത്തിൽ. അവരുടെ കാവ്യാവിഷ്കാരങ്ങൾ എല്ലാം തന്നെ നന്മയുടെയും ഉദാത്തമായ ആദർശങ്ങളുടേയും സ്നേഹസ്പർശനമേറ്റവയാണു.




സ്നേഹത്തിൻെറ മധുരം ചേർത്തുണ്ടാക്കിയ കേക്കിൽ ജന്മദിനം സന്തോഷപ്രദമാകട്ടെ എന്ന ശുഭ വാചകം എഴുതിചേർക്കുകയും മെഴുക് തിരികൾ ഊതികെടുത്തുകയും ചെയ്യുമ്പോൾ ഒരു വർഷം പതുക്കേ കടന്നുപോകുന്നു. ആഹ്ലാദ നിർഭരമായ അത്തരം നിമിഷങ്ങൾ കൊച്ചമ്മയുടെ ജീവിതത്തിൽ അനവധി ഉണ്ടാകട്ടെയെന്നാശംസിക്കുന്നു. കെടുത്തുന്ന മെഴുക് തിരികളുടെ പുകചുരുളുകൾ അദ്രുശ്യമായി അന്തരീക്ഷത്തിൽ അലിയുന്നതായി നമുക്ക് തോന്നുമെങ്കിലും പിറന്നാളുകാരുടെ മനസ്സിലെ ആഗ്രഹം അവ ഈശ്വരനിൽ എത്തിക്കുന്നു എന്നാണു വിശ്വാസം. ഈശ്വരവിശ്വാസത്തിലധിഷ്ഠിതമായ കൊച്ചമ്മയുടെ ജീവിത കാമനകൾ എല്ലാം സഫലമാകാനും ഞങ്ങൾ നേർച്ചകൾ നേരുന്നു.

അമേരിക്കയിൽ മലയാള സംഘടനകൾ പ്രചരിക്കുന്നതിനു മുമ്പെ, അമേരിക്കൻ മലയാളി എഴുത്തുകാർ എന്ന പദം കേൾക്കാൻ തുടങ്ങുന്നതിനുമുമ്പെ ഞങ്ങളുടെ എൽസി കൊച്ചമ്മ എഴുതാൻ തുടങ്ങിയിരുന്നു. ഇന്നത്തെപോലെ അച്ചടി വിദ്യകൾ എളുപ്പമാകുന്നതിനുമുമ്പ് ഇവിടെ നിന്നും അന്നിറങ്ങിയ എല്ലാ സോവനീറുകളിലും ആദ്യ കാല പ്രസിദ്ധീകരണങ്ങളിലും കൊച്ചമ്മ എഴുതി. കൊച്ചമ്മ അമേരിക്കയിൽ വരുന്നതിനു മുമ്പെ എഴുത്തുകാരിയായിരുന്നു. ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന പിതാവും ഉന്നത വിദ്യാഭസം നേടിയിരുന്ന മുതിർന്ന സഹോദരങ്ങളും അടങ്ങിയ വീട്ടിൽ കൊച്ചമ്മയുടെ സർഗ്ഗ ഭാവനകൾക്ക് വളരാൻ പറ്റിയ സാഹ്യചര്യമായിരുന്നു. കൊച്ചമ്മ ആ വരദാനത്തെ പരിപോഷിപ്പിച്ച് വന്നു. ഗീതാഞ്ജലി വിവർത്തന ത്തിനു നിമിത്തമായത് കൗമാര കാലത്ത് അപ്പച്ചനിൽ നിന്നും അതെ കുറിച്ച് കേട്ട അറിവായിരുന്നു എന്നു കൊച്ചമ്മ ആ പുസ്തകത്തിൽ പറയുന്നുണ്ട്. അമേരിക്കൻ മലയാളികളുടെ സംയുക്ത സംഘടനയായ ഫൊക്കാന നടത്തിയ ആദ്യത്തെ കവിത മത്സരത്തിൽ കൊച്ചമ്മ അവാർഡിനർഹയാ യത് എല്ലാവർക്കും അറിയുന്ന കാര്യമാണല്ലോ?

മലയാളികൾക്ക് പ്രത്യേകിച്ച് അമേരിക്കൻ മലയാളികൾക്ക് അഭിമാനമായ ഈ കവയിത്രിയിൽ നിന്നും ഇനിയും മേന്മേറിയ കലാശിൽപ്പങ്ങൾ ഉണ്ടാകുമെന്ന് നമുക്കാശിക്കാം. അതിനായി ജന്മദിനത്തിൽ മാത്രമല്ല എല്ലാ ദിവസങ്ങളിലു കൊച്ചമ്മയുടെ ആയുരാരോഗ്യങ്ങൾക്കായി പ്രാർത്ഥിക്കാം.

ദീർഘായുസ്സും നെടുമംഗല്യവും നേർന്നുകൊണ്ട്,

## ഇ-മലയാളിയും അഭ്യുദയകാംക്ഷികളും

ശുഭം